**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1423** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മുങ്ങി മരണമടയുന്നവരുടെ ആശ്രിതർക്ക് നല്കുന്ന സർക്കാർ സഹായങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. കാസിം ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് മുങ്ങി മരണമടയുന്നവരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സർക്കാർ സഹായം നൽകുന്നുണ്ടോ;

**<u>മറുപടി:</u>** വെള്ളപ്പൊക്കം, അതിവേഗ വെള്ളപ്പൊക്കം (Flash flood), സുനാമി, കടൽക്ഷോഭം (Storm surge) തുടങ്ങിയ പ്രകൃതിദുരന്തങ്ങളുടെ ഫലമായി സംഭവിക്കുന്ന മുങ്ങിമരണങ്ങൾക്ക് നിലവിൽ എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം അനുവദിച്ച് വരുന്നു. പ്രകൃതിദുരന്തങ്ങളുമായി ബന്ധമില്ലാത്ത, അപകടമരണത്തിന്റെ പരിധിയിൽ വരുന്ന, ആകസ്മിക മുങ്ങി മരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സി.എം.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം 1 ലക്ഷം രൂപ അനുവദിച്ച് വരുന്നു.

**(ബി)** മുങ്ങി മരണം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**<u>മറുപടി:</u>** പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**